മി. സ്പീക്കർ: ഓർഡർ, ഓർഡർ. ദയവുചെയ്തു ബഹുമാനപ്പെട്ട അംഗങ്ങൾ സഭാനടപടികൾ ശരിക്കു കൊണ്ടുപോകാൻ അനുവദിക്കണമെന്നു് അഭ്യർത്ഥിക്കുന്നു. ദയവുചെയ്തു് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സഹകരിക്കണമെന്നു് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. മി. ഉണ്ണീ ഞാൻ ഇവിടെ നിൽക്കുയാണു്. ബഹുമാനപ്പെട്ട അംഗങ്ങൾ സദയം ക്ഷമിച്ചു് സഭാനടപടികളിൽ സഹകരിക്കണമെന്നപേക്ഷിക്കുകയാണു്.

(സഭയിൽ ബഹളം തുടർന്നുകൊണ്ടേയിരുന്നു.)

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇന്നിവിടെ അധികാരത്തിൽ വന്നിരിക്കുന്ന ഗവൺമെൻറ്.....

(ബഹളം കാരണം യാതൊന്നും വ്യക്തമല്ല)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. സഭാനടപടികൾ അൽപനിമിഷത്തേക്കു് നിറുത്തിവച്ചിരിക്കുന്നു; എല്ലാ പാർട്ടിനേതാക്കളും ദയവുചെയ്തു് എൻെറ ചേംബറിലേക്കു് വരണമെന്നഭ്യർത്ഥിക്കുന്നു.

(രാവിലെ 9.25-നു് സഭാനടപടികൾ നിറുത്തിവയ്ക്കുകയും 10-10-നു് ബഹുമാനപ്പെട്ട സ്പീക്കറുടെ അധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

II. ശ്രദ്ധക്ഷണിക്കൽ

മുല്ലപ്പെരിയാർ അണക്കെട്ടിൻെറ അപകടനില

മി. സ്പീക്കർ: ശ്രീ. പി. സി. ജോസഫിനു് സംസാരിക്കാം.

(ഈ സമയത്തു് പ്രതിപക്ഷത്തിലെ മിക്ക മെമ്പറൻമാരും എണീറ്റു നിന്നു ബഹളമുണ്ടാക്കുകയും ഡസ്കിലടിച്ചു് ശബ്ദമുണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്നു.)

ശ്രീ. പി. സി. ജോസഫ്: മുല്ലപ്പെരിയാർ അണക്കെട്ടു് ഇന്നു് ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ഭയമായി മാറിയിരിക്കുകയാണു്. അതു നിർമ്മിച്ച സാങ്കേതിക വിദഗ്ദ്ധർ പറഞ്ഞ കണക്കനുസരിച്ചുതന്നെ അതിൻെറ നിർമ്മാണ കാലാവധി കഴിഞ്ഞിട്ടു് ഇപ്പോൾ 34 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണു്. 34 വർഷങ്ങൾ പിന്നിട്ട ഒരു അണക്കെട്ടിൻെറ ഭാവിയെ സംബന്ധിച്ചു് എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ ആളുകൾ ഭയപ്പെട്ടു കഴിയുകയാണു്. ഏതാണ്ടു് 84 കൊല്ലം മുൻപു് ഇടുക്കിയിൽ പെരിയാറ്റിൽ മുല്ലപ്പെരിയാർ എന്ന സ്ഥലത്തു് ആരംഭിച്ച അണക്കെട്ടു് അതിൻെറ സാങ്കേതിക വിദഗ്ദ്ധർ പറഞ്ഞ കണക്കനുസരിച്ചു് 50 വർഷം കഴിഞ്ഞിട്ടു് പിന്നെയും 34 വർഷംകൂടി പിന്നിട്ടിരിക്കുകയാണു്. 84 വർഷങ്ങൾക്കുമുൻപു് മുല്ലപ്പെരിയാർ അണക്കെട്ടു് നിർമ്മാണഘട്ടത്തിലിരിക്കുമ്പോൾ അതിൻെറ നിർമ്മാണത്തിനു് ഉത്തരവാദിത്വം വഹിച്ച അതിൻെറ സാങ്കേതിക വിദഗ്ദ്ധർ

LIBRARY ARCHIVES Kerala Legislative Assembly

ആ കാലത്തുതന്നെ പറയുകയുണ്ടായി, ഇതിന് 50 വയസ്സേ ആയുസ്സുള്ളുവെന്ന്. സർ, അതിന്റെ സാങ്കേതിക വിദഗ്ദ്ധർ പറഞ്ഞ കാലഘട്ടം കഴിഞ്ഞ് ഇന്നു 34 വർഷങ്ങൾകൂടി പിന്നിട്ടിരിക്കുകയാണ്. അന്നു സിമന്റ് ഉപയോഗിച്ചല്ല ആ അണക്കെട്ട് നിർമ്മിച്ചിരുന്നത്. സിമന്റുപയോഗിക്കാതെ ശർക്കരയും സുർക്കിയും ഉപയോഗിച്ച് നിർമ്മിച്ച ആ അണക്കെട്ടിന്റെ ഭാവി ഇന്നു അപകടത്തിലാണ്. അങ്ങ് വടക്ക് മോർവിയിൽ ഉണ്ടായ ദുരന്തം അങ്ങ് ഓർക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്.

(ഈ സമയത്തും ബഹളം തുടർന്നുകൊണ്ടിരുന്നു.)

ഇവിടെ ബഹളമുണ്ടാക്കുന്ന സഹോദരപാർട്ടിയിൽപ്പെട്ടവരും ഇടുക്കിയിൽ കഴിയുന്നുണ്ടെന്നുള്ള സത്യം അവർ വിസ്മരിക്കരുതെന്നു ഞാൻ അപേക്ഷിക്കുകയാണ്. മുല്ലപ്പെരിയാർ അണക്കെട്ട് പൊട്ടിയാൽ ആ മല വെള്ളപ്പാച്ചിലിൽ മരിച്ചു വീഴുന്നത് ഈ ഭാഗത്തിരിക്കുന്നവർ മാത്രമല്ല, അവരുടെ അനുയായികളും മരിക്കുമെന്നുള്ള സത്യം അവർ വിസ്മരിക്കരുതെന്നു ഞാൻ അപേക്ഷിക്കുകയാണ്. മോർവിയിലുണ്ടായ ദുരന്തം എത്ര ഭയങ്കരമായിരുന്നു? ഇൻഡ്യാരാജ്യത്തിന്റെ മനഃസാക്ഷിയെ ഞെട്ടിപ്പിച്ച ഒരു സംഭവമായിരുന്നു മോർവിയിൽ ഉണ്ടായത്. വെള്ളപ്പാച്ചിലിൽ 25,000 ആളുകൾ മരിച്ചു വീണു. ഗവൺമെന്റിന്റെ ഔദ്യോഗിക കണക്കനുസരിച്ചുതന്നെ 25,000 ആളുകൾ അവിടെ മരിച്ചു വീണു. മുല്ലപ്പെരിയാർ അണക്കെട്ടു തകർന്നാൽ എന്താണ് സ്ഥിതി? കോട്ടയം ജില്ലയിലേയും എറണാകുളം ജില്ലയിലേയും ഇടുക്കി ജില്ലയിലേയും പാവപ്പെട്ട ആളുകൾ മുഴുവൻ മലവെള്ളം കുത്തിയൊലിക്കലിൽ ആണ്ട് അറബിക്കടലിൽ ചെന്നു പതിക്കും. സർ, അങ്ങനെ പതിനായിരക്കണക്കിന് പാവപ്പെട്ട സാധാരണ ജനങ്ങളുടെ ജീവൻ അപകടത്തിലാണ്. അങ്ങേക്കറിയാവുന്നതുപോലെ ഈ രാജ്യത്തിലെ സാങ്കേതിക വിദഗ്ദ്ധർ സംശയം ഉന്നയിച്ചിരിക്കുന്നതുപോലെ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വർത്തമാനപ്പത്രത്തിൽ വാർത്ത വന്നിരിക്കുന്നതുപോലെ സംഭവിച്ചാൽ എന്തു അപകടമാണ് ഉണ്ടാകാൻ പോകുന്നതെന്നുള്ളത് ഓർക്കേണ്ടതായിട്ടുണ്ട്. ഒരു കാര്യം മാത്രം സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. മുല്ലപ്പെരിയാർ അണക്കെട്ടിലെ വെള്ളം തമിഴ്നാട് ഗവൺമെന്റാണ് ഉപയോഗിക്കുന്നത്. തമിഴ്നാട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ അപകടത്തിന്റെ രൂക്ഷതയെക്കുറിച്ച് അവർ ബോധവാൻമാരാണ്. പക്ഷേ ഒരു അനങ്ങാപ്പാറ നയം സ്വീകരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ചുതന്നെ മൂന്നു കൊല്ലം മുൻപ് കേരള ഗവൺമെന്റ് ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകടത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ ഇൻഡ്യാഗവൺമെന്റും തമിഴ്നാട് ഗവൺമെന്റും ഇതിനുവേണ്ടയാതൊരു നടപടിയും ഇതുവരെ എടുത്തിട്ടില്ല. മുല്ലപ്പെരിയാർ അണക്കെട്ട് പൊളിയുകയും ഇടുക്കിയിലെ ജല സമ്മർദ്ദം കൂടുകയും ഇടുക്കിയിലെ അണക്കെട്ട് പൊളിയുകയും ചെയ്താൽ എന്താണ് സ്ഥിതി എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. സർ, ഇടുക്കിയിൽ ഈ വെള്ളപ്പാച്ചിൽ സംഭവിച്ചാൽ മോർവിയിൽ ഉണ്ടായ ദുരന്തത്തേക്കാൾ വലിയ ദുരന്തം കേരള സംസ്ഥാനത്തിന് അനുഭവിക്കേണ്ടിവരും. ഇൻഡ്യാ രാജ്യത്ത് ഉണ്ടായതിൽ വച്ച് ഏറ്റവും ഭീകരമായ അനുഭവമായിരിക്കും കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്. സർ, ഞാൻ അവസാനിപ്പിക്കുന്നു. വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്, അവസാന വിധി ദിവസത്തെക്കുറിച്ച് അവസാനത്തെ വിധി ദിവസവും കാത്ത് വേദ

LIBRARY ARCHIVES Kerala Legislative Assembly

പുസ്തകത്തിൽ പറയുന്ന ആ പർവതനിരയുടെ താഴ്വരയിൽനിൽക്കുന്ന ജനങ്ങളെപ്പോലെയാണ് ഇടുക്കിയിലെ മലയടിവാരത്തിൽ കഴിയുന്ന ഞങ്ങളും. വിധി ഞങ്ങൾക്ക് എതിരാകാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുകയാണ്. കേരളത്തിലെ ഗവൺമെൻറ് ശക്തമായ നടപടികളും സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട്, ജനങ്ങളുടെ ജീവന് ഉറപ്പു നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഗവൺമെൻറിൻെറ ശ്രദ്ധയെ ആ കാര്യത്തിലേക്ക് ക്ഷണിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ:) സർ, വളരെ പരിഗണനാർഹമായ ഒരു സംഗതിയാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. 1886 ഒക്ടോബർ 29-ാം തീയതി അന്നത്തെ തിരുവിതാംകൂർ മഹാരാജാവും ഇൻഡ്യാ സ്റ്റേറ്റ് സെക്രട്ടറിയുമായി ഉണ്ടാക്കിയ കരാറനുസരിച്ച് അന്നത്തെ മദിരാശി ഗവൺമെൻറ് 1897-ൽ പണി കഴിപ്പിച്ചതാണ് മുല്ലപ്പെരിയാർ അണക്കെട്ട് (പെരിയാർഡാം). കരാറിൻെറ കാലാവധി 1-1-1886 മുതൽ 999 വർഷമാണ്. ഈ അണക്കെട്ടിന് 1241 അടി നീളവും ഏറ്റവും താഴെയുള്ള അടിസ്ഥാന ലെവലിൽനിന്ന് 158 അടി ഉയരവുമുണ്ട്. ഇതിൻെറ ജലസംഭരണിയുടെ ശേഷി 15,662 ദശലക്ഷം ക്യുബിക്ക് അടിയാണ്. ഇലക്ട്രിസിറ്റി ബോർഡിൻെറ ഒരു റിപ്പോർട്ടിൽനിന്നും കേരളത്തിൻെറ ഇടുക്കി പദ്ധതി മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്നും 34 മൈൽ താഴെയാണെന്നു കാണുന്നു.

പത്രവാർത്തയിൽനിന്ന് ഈ അണക്കെട്ടിൻെറ കാലാവധി 50 വർഷമായി നിശ്ചയിച്ചിരുന്നുവെന്ന് കാണുന്നു. ഇതു സംബന്ധിച്ച് ഗവൺമെൻറിൻെറ പക്കൽ രേഖയൊന്നും ഉള്ളതായി കാണുന്നില്ല. 1972-ലും 1973-ലും അണക്കെട്ടിൽ ഡ്രിൽ ചെയ്തു സാംബിളുകളും ശേഖരിച്ച് പരിശോധിക്കുകയുണ്ടായി. സംസ്ഥാന ചീഫ് എൻജിനീയറുടെ അഭ്യർത്ഥനയനുസരിച്ച് 1976 ജൂണിലും അതിനുശേഷം ആഗസ്റ്റിലും കേന്ദ്ര ജല കമ്മീഷൻ അംഗമായ ശ്രീ. എ. എൻ. ഹർക്കൗളി കേരളത്തിലേയും തമിഴ് നാട്ടിലേയും ചീഫ് എൻജിനീയർമാരുമായി സംയുക്തമായി അണക്കെട്ട് പരിശോധിക്കാൻ പരിപാടിയിട്ടിരുന്നു. എന്നാൽ ആ വർഷം പരിശോധന നടന്നില്ല. 1977 ഒക്ടോബറിൽ അണക്കെട്ടിനെ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ സംസ്ഥാന ഗവൺമെൻറിൽനിന്ന് ആവശ്യപ്പെടുകയും അവ യഥാസമയം സംസ്ഥാന ഗവൺമെൻറ് നൽകുകയും ചെയ്തു. സംസ്ഥാന ഗവൺമെൻറിൻെറ തുടർച്ചയായ അപേക്ഷയുടെ ഫലമായി 9-5-1978-ൽ ശ്രീ. ഹർക്കൗളി, എ. കെ. പാൽ കമ്മീഷനിലെ ഡയറക്ടർ, കേരളത്തിലേയും തമിഴ് നാട്ടിലേയും ചീഫ് എൻജിനീയർമാർ, രണ്ടു സംസ്ഥാനത്തിലേയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ എന്നിവരുമായി അണക്കെട്ട് പരിശോധിച്ചു. പരിശോധനക്കുശേഷം അണക്കെട്ടിൻെറ ബലക്ഷമത വിശകലനം ചെയ്യാനും അണക്കെട്ട് ബലപ്പെടുത്തുവാനാവശ്യമായ ശുപാർശകളും സമർപ്പിക്കുവാനും വേണ്ടി കൂടുതൽ വിവരങ്ങൾ കേന്ദ്ര ജലകമ്മീഷൻ അംഗം 19-5-1978-ൽ തമിഴ്നാട്ടിലെ ഇറിഗേഷൻ ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടു. 19-5-1978-ലെ കമ്മീഷൻെറ കത്തിൽ അണക്കെട്ടു പ്രദേശത്തുവച്ച് തീരുമാനിച്ചതനുസരിച്ച് ജലസംഭരണിയിലെ ജലനിരപ്പ് 145 അടിയായി നിലനിറുത്തണമെന്നും അതിലുപരി രണ്ടടിയിൽ കൂടുതൽ ജലനിരപ്പ് ഉയരരുതെന്നും അങ്ങിനെ ഉയർന്നാൽ ജലനിരപ്പ് 24 മണിക്കൂറിനകം 145 അടിയിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കേരള ഇലക്ട്രിസിറ്റി ബോർഡ് 13-10-1978-ൽ അണക്കെട്ടിലെ ജലനിരപ്പ് ഒരു കാരണവശാലും 145 അടിയിൽ കവിയാൻ അനു

LIBRARY ARCHIVES Kerala Legislative Assembly

വദിക്കരുതെന്ന് ഗവൺമെൻറിനെ എഴുതി അറിയിക്കുകയും ഈ വിവരം 31-10-1978-ൽ ഗവൺമെൻറ് ശ്രീ. ഹർക്കൗളിയെ എഴുതി അറിയിക്കുകയും ചെയ്തു. കേന്ദ്ര ജല കമ്മീഷൻ അണക്കെട്ട് ബലപ്പെടുത്തുന്നതിനുള്ള നിർദ്ദേശം തമിഴ് നാട് ഇറിഗേഷൻ ചീഫ് എൻജിനീയർക്ക് അഭിപ്രായത്തിനായി 20-8-1978-ൽ അയച്ചതായി കമ്മീഷൻറെ 26-2-1979-ലെ കത്തു പ്രകാരം സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചു. അതിനുശേഷം 13-6-1979-ൽ സംസ്ഥാന ഗവൺമെൻറ് കേന്ദ്രജല കമ്മീഷനെ ഓർമ്മപ്പെടുത്തുകയുണ്ടായി. 19-6-1979-ൽ തമിഴ്നാട് ഗവൺമെൻറിൻെറ അഭിപ്രായം ലഭിച്ചില്ലായെന്ന് കമ്മീഷൻ മറുപടി നൽകി. വീണ്ടും സംസ്ഥാന ഗവൺമെൻറ് 18-7-1979-ൽ കേന്ദ്ര ജലകമ്മീഷനെ ഓർമ്മിപ്പിച്ചു. അതിന് മറുപടി 4-8-1979-ൽ ലഭിച്ചതിലും തമിഴ്നാട് ഗവൺമെൻറിൻെറ അഭിപ്രായം കിട്ടിയിട്ടില്ലാ എന്നാണ് അറിയിച്ചത്. പിന്നീട് 27-9-1979-ൽ എല്ലാ വിശദവിവരങ്ങളും കാണിച്ചുകൊണ്ടും അണക്കെട്ട് വളരെവേഗം ബലപ്പെടുത്തേണ്ടതിൻെറ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ടും ചീഫ് സെക്രട്ടറി കേന്ദ്രജലകമ്മീഷൻ ചെയർമാന് കത്ത് അയക്കുകയുണ്ടായി. മലയാള മനോരമയിലെ വാർത്ത 17-10-1979-ൽ ചേർന്ന മന്ത്രിസഭായോഗം പരിഗണിച്ചു. പ്രശ്നത്തിൻെറ ഗൗരവാവസ്ഥ ചൂണ്ടിക്കാണിച്ചുകൊണ്ട് അണക്കെട്ടിൻെറ ബലപ്പെടുത്തൽ പണി ഏറ്റവും വേഗം നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശം കേന്ദ്രജലകമ്മീഷനും തമിഴ്നാട് സർക്കാരിനും നൽകണമെന്നും അതിലേക്കായി ഇടപെടണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി 17-10-1979-ൽ കേന്ദ്ര കൃഷി ജലസേചന വകുപ്പ് മന്ത്രിക്ക് എഴുതി. അന്നു തന്നെ അണക്കെട്ടിൻെറ ബലപ്പെടുത്തൽ പണി ഏറ്റവുംവേഗം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി തമിഴ് നാട് മുഖ്യമന്ത്രിക്കും എഴുതുകയുണ്ടായി.

III. റിപ്പോർട്ട് സമർപ്പണം

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എ. എ. റഹീം: പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 29-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

IV. നിയമനിർമ്മാണകാര്യം

1979-ലെ കേരള പോലീസ് (രണ്ടാം ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. ദേവസ്സിക്കുട്ടിക്ക് കഴിഞ്ഞ ദിവസത്തെ പ്രസംഗം തുടരാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, 1979-ലെ പോലീസ് സെക്കൻറ് അമെൻറുമെൻറു ബില്ലിനെക്കുറിച്ചുള്ള ചർച്ച നടന്നു കൊണ്ടിരിക്കുമ്പോഴാണ് കഴിഞ്ഞ ദിവസം സഭ നിറുത്തി വച്ചത്. സർ, ഈ നിയമം ഈ നിയമ സഭയിൽ കൊണ്ടുവന്നത് ഇപ്പോഴത്തെ അവിടെനിന്നു പ്രസംഗിക്കുന്ന മുൻമുഖ്യമന്ത്രി തന്നെയാണ്. അദ്ദേഹം മുഖ്യമന്ത്രിയായിരു

LIBRARY ARCHIVES Kerala Legislative Assembly